## ക ത്ത ു ക ൾ

# ‘വിലാപങ്ങൾക്കപ്പുറ’ത്തെ മുസ്‌ലിം വിരുദ്ധത

**ഈയിടെ** തിരുവനന്തപുരത്ത് സമാപിച്ച അന്തർദേശീയ ചലച്ചിത്രോത്സവത്തിൽ ഗുജറാത്ത് പ്രമേയമായ രണ്ട് സിനിമകൾ പ്രദർശിപ്പിച്ചിരുന്നു. ഷുച്ചിഖോദാരിക്കൊപ്പം തിരക്കഥ എഴുതി നന്ദിതദാസ് സംവിധാനം ചെയ്ത ‘ഫിറാഖും’(ഹിന്ദി), ആര്യാടൻ ഷൗക്കത്ത് തിരക്കഥ എഴുതി ടി.വി ചന്ദ്രൻ സംവിധാനം ചെയ്ത ‘വിലാപങ്ങൾക്കപ്പുറ’വും. ഗുജറാത്ത് കലാപത്തിനു ശേഷം 24 മണിക്കൂറിനുള്ളിലുള്ള സംഭവങ്ങളാണ് ‘ഫിറാഖി’ന്റെ പ്രമേയം. വിവിധ വിഭാഗം ജനങ്ങളുടെ വൈകാരിക വ്യാപാരങ്ങളെ നിഷ്പക്ഷമായി സമീപിക്കുന്നതിൽ ഈ ചിത്രം വിജയിച്ചിട്ടുണ്ട്. കലാപദൃശ്യം കാണിക്കാതെ തന്നെ കലാപത്തിന്റെ മുറിവുകളുടെ ആഴത്തെ ദൃശ്യഭാഷയിൽ ആവാഹിക്കുന്നതിൽ സംവിധായക അസാമാന്യമായ മികവ് പുലർത്തിയിട്ടുണ്ട്.

എന്നാൽ, ആര്യാടൻ ഷൗക്കത്താകട്ടെ മുസ്‌ലിംകളെ മുച്ചൂടും കരിവാരിത്തേക്കുന്ന ഒരു ചിത്രമാണ് ഒരുക്കിയത്. മുസ്‌ലിം ജീവിതത്തിന്റെ ദൗർബല്യവും പരിമിതിയുമൊക്കെ ചൂണ്ടിക്കാട്ടുന്ന സിനിമകളുണ്ടായിട്ടുണ്ട്. അവയൊക്കെ ഏറിയോ കുറഞ്ഞോ യാഥാർഥ്യത്തോട് നീതി പുലർത്തുകയും ചെയ്തു. അവയിൽ അസഹിഷ്ണുവാകുന്നതിൽ കാര്യമില്ല. എന്നാൽ, ഗുജറാത്ത് കലാപ പശ്ചാത്തലത്തെപോലും കടുത്ത മുസ്‌ലിം വിരുദ്ധതയിലേക്ക് ആനയിക്കാനാണ് ഈ ചിത്രത്തിലൂടെ ആര്യാടൻ ഷൗക്കത്ത് ശ്രമിച്ചത്. ഗുജറാത്തിൽ സാഹിറയുടെയും കുടുംബത്തിന്റെയും ശാന്തമായ ജീവിതത്തിനു മേൽ കലാപം പടരുന്നു. ഉമ്മ, ഉപ്പ, അനിയത്തി എന്നിവർ കലാപത്തിൽ കൊല്ലപ്പെടുന്നു. കൂട്ട ബലാത്സംഗത്തിനിരയായ അവൾ ഒരു ട്രക്കിൽ രക്ഷപ്പെടുന്നു. കോഴിക്കോട്ടേക്കുവന്ന് ആശുപത്രിയിലെത്തിയത് മുതൽ അവൾ അനുഭവിക്കുന്ന സ്വസമുദായത്തിൽ നിന്നുള്ള മാനസിക പീഡനത്തിന്റെ തുടർച്ചയിലാണ് കഥ വികസിക്കുന്നത്. സ്വസമുദായാംഗങ്ങളുടെ അപക്വവും അരോചകവുമായ സമീപനംമൂലം അവൾ അവർക്കിടയിൽനിന്ന് ഒളിച്ചോടി രക്ഷപ്പെടുന്നു.

നവാഗത സംവിധായകക്ക് പ്രത്യേക പുരസ്കാരം നേടിയ നന്ദിതാദാസ് പ്രശ്നങ്ങളുടെ മർമത്തിൽ തൊടുന്ന ആർജവമുള്ള അവതരണ ശൈലിയായിരുന്നു ‘ഫിറാഖി’ൽ കാഴ്ചവെച്ചത്. ഒരു അഭിമുഖത്തിൽ നന്ദിത പറയുന്നു: “ഫിറാഖിനായുള്ള ഒരുക്കങ്ങൾക്കിടയിലാണ് ഹൈദരാബാദ് സ്ഫോടനം നടന്നത്. പലരും എന്നെ വിളിച്ച് ചോദിച്ചു. ‘അവർ’ ബോംബ് സ്ഫോടനം നടത്തുന്നു, നിങ്ങളാകട്ടെ ‘അവരുടെ’ കാഴ്ചപ്പാടുകൾക്കിടം നൽകുന്ന സിനിമയെടുക്കുന്നു. എന്റെ മറുപടി ഇതായിരുന്നു, ഇത് ആർക്കെങ്കിലും അനുകൂലമോ എതിരോ ആയ സിനിമയല്ല. ഇത് മനുഷ്യർക്കനുകൂലമായ സിനിമയാണ്. ‘അവര’ല്ലല്ലോ അത് ചെയ്തത്. എന്നേക്കാളും നിങ്ങളേക്കാളും ദുരിതമനുഭവിക്കുന്നവർ അവരാണ് കാരണം അവരാണ് ഇന്ന് ഇത്രയധികം സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടുന്നത്” (*പച്ചക്കുതിര* ഡിസംബർ2008).

ഒരു പക്ഷേ, സ്വസമുദായത്തെ രൂക്ഷമായി വിമർശിച്ചാൽ മതേതര പ്രമുഖനാകാമെന്ന സാംസ്കാരിക അലിഖിത നിയമമായിരുന്നോ ഷൗക്കത്തിന്റെ ഉരകല്ല്? മുസ്‌ലിമിന്റെ അമിതഭോഗാസക്തി എന്ന വാർപ്പുമാതൃകയുടെ ക്ലീഷേകളെ തന്നാലായത് പോലെ ഷൗക്കത്ത് ഉയർത്തിപ്പിടിക്കുന്നുണ്ട്. നിലനിൽപ്പിനുള്ള നെട്ടോട്ടമാണ് സാഹിറായുടെ ജീവിതം. അതിൽതന്നെ അന്യസമുദായക്കാരിയായ ഡോക്ടർ, സെക്യൂരിറ്റി ഗാർഡായ വൃദ്ധൻ എന്നിവർക്കൊപ്പം നിൽക്കുമ്പോൾ അവൾ സുരക്ഷിതയാണ്. എന്നാൽ മുസ്‌ലിം വ്യക്തികളുടെയും ധർമസ്ഥാപനങ്ങളുടെയും കീഴിലാവുമ്പോൾ അരക്ഷിതത്വത്തിന്റെയും ഭീതിയുടെയും കാർമേഘങ്ങൾ ഉരുണ്ടുകൂടുകയും ചെയ്യുന്നു. സംഘ് പരിവാറിന്റെ പ്രകോപന പ്രസംഗത്തിന്റെ സബ്ടൈറ്റിൽ മറച്ച് കൊണ്ടും സവർണ രുചികളെ തൃപ്തിപ്പെടുത്തുന്നുണ്ട് ഈ ചിത്രം. മുസ്‌ലിംകളിൽ തന്നെ ബഹുസ്വരതയെ മാനിക്കുന്ന പുരോഗമന ചലനങ്ങളെപ്പോലും സംശയത്തിന്റെ മുള്ളുവേലിയിൽ ബന്ധിപ്പിക്കാനും തിരക്കഥാകൃത്ത് മറന്നില്ല. എന്തിനേറെ, ജീവിത പരിസരത്തുള്ള പതിവ് ശീലങ്ങളെ പൊടുന്നനെ ഭയപ്പാടോടെ കാണുന്ന ശുദ്ധ വിവരക്കേടും തിരക്കഥാകൃത്ത് പലയിടത്തും കാഴ്ചവെക്കുന്നു. കലാപത്തിന്റെ മുറിവുകളുമായി ആശുപത്രിയിലെത്തിയ മതഭക്തയായ സാഹിറ, നിസ്കാരക്കുപ്പായം കണ്ട് ഭയപ്പാടോടെ വിറളി പിടിക്കുന്നു. ഷൗക്കത്തിന്റെ മറ്റൊരു ചിത്രമായ ‘ദൈവനാമത്തിൽ’ താൻ സുറുമയിട്ട് പരിചരിക്കാറുള്ള ആടിന്റെ തല തീന്മേശയിലെ പാത്രത്തിൽ കണ്ട് ഛർദിക്കാനോടുന്ന മുസ്‌ലിം പെൺകുട്ടി മറ്റൊരുദാഹരണമാണ്. ഇങ്ങനെ സാമാന്യ യുക്തികൾക്ക് നേരെ യുദ്ധ പ്രഖ്യാപനം നടത്തിയാണ് കഥ പുരോഗമിക്കുന്നത്. സിനിമ കണ്ട പ്രേക്ഷകർ തിയേറ്റർ മുറ്റത്ത് ഷൗക്കത്തിനോടും ഓപ്പൺ ഫോറത്തിൽ വെച്ച് ടി.വി ചന്ദ്രനോടും മുസ്‌ലിം ജീവിത ശൈലിയെ നെഗറ്റീവ് സ്റ്റീരിയോ ടൈപ്പ് ആക്കിയതിനെ രൂക്ഷ ഭാഷയിൽ ചോദ്യം ചെയ്തപ്പോൾ എങ്ങും തൊടാത്ത മറുപടിയിൽ ഒഴിഞ്ഞുമാറുകയാണുണ്ടായത്. സമുദായ പ്രമുഖരെ കോമാളിയാക്കിയുള്ള ചിത്രീകരണവും ചില രംഗങ്ങളിൽ മുഴച്ചു നിൽക്കുന്നുണ്ട്. ഒരു പ്രത്യേക ജനവിഭാഗത്തിൽ അപകർഷതാബോധം സൃഷ്ടിക്കാൻ, അവരെ വിഡ്ഢികളാക്കി ചിത്രീകരിക്കുന്നത് ഒരു പതിവ് സാമൂഹിക പ്രക്രിയതന്നെയാണെന്ന് ഓറിൻ ക്ലാപ് എന്ന സാമൂഹിക ശാസ്ത്രകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. പൊള്ളുന്ന പ്രശ്നങ്ങളുടെ മർമത്തിൽ സ്പർശിക്കാനുള്ള സാംസ്കാരിക ധീരത ചോർന്നു പോകുന്നതിന്റെ മികച്ച ഉദാഹരണമാണ് ‘വിലാപങ്ങൾക്കപ്പുറം.’

**പി.എം അബ്ദുല്ല മാടായി**
**സർ സയ്യിദ് കോളേജ് തളിപ്പറമ്പ്**



# തീവ്രവാദത്തിന് പുത്തൻ നിർവചനം

**“ഇ**സ്ലാം മതം പ്രഖ്യാപിക്കുന്നു: അവസാനത്തെ മതമാണ് ഇസ്ലാം. അവസാനത്തെ ഗ്രന്ഥമാണ് ഖുർആൻ. അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് എന്നൊക്കെ. ഇത് തീവ്രമായി ജനങ്ങളിൽ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നതിനെയാണ് ഇസ്ലാമിക തീവ്രവാദം എന്ന് പറയുന്നത്. മതത്തെ വർഗീയ വാദികളിൽനിന്നും മോചിപ്പിച്ചെടുക്കുക എന്നതാണ് സമാധാന കാംക്ഷികളായ മതവിശ്വാസികളുടെ കടമ.’’ ‘മതത്തെ വർഗീയതയിൽനിന്ന് മോചിപ്പിക്കണം’ എന്ന ശീർഷകത്തിൽ മാതൃഭൂമിയിൽ(23.11.2008) ഒരാൾ എഴുതിയതാണ് മുകളിലുദ്ധരിച്ചത്.

എങ്ങനെയുണ്ട് തീവ്രവാദത്തിന് നൽകിയ ഈ പുതുപുത്തൻ നിർവചനം! വിശുദ്ധ ഖുർആൻ അവസാനത്തെ വേദഗ്രന്ഥമാണെന്നും മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണെന്നും ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസ പ്രമാണമാണ്. ലോകമെമ്പാടുമുള്ള മുസ്ലിംകളുടെ അടിയുറച്ച വിശ്വാസമാണിത്. മനുഷ്യ സമൂഹത്തിന് മാർഗദർശനം നൽകാൻ ലക്ഷക്കണക്കിൽ പ്രവാചകന്മാർ വ്യത്യസ്ത സന്ദർഭങ്ങളിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഗതരായിട്ടുണ്ട്. ദൈവിക മാർഗദർശനത്തിന്റെ സംപൂർത്തീകരണമാണ് പ്രവാചകനായ മുഹമ്മദ് നബി നിർവഹിച്ചത്.

മുഹമ്മദ് നബിയെ അന്ത്യപ്രവാചകനായി അംഗീകരിക്കുന്ന മുസ്ലിംകൾ, ക്രൈസ്തവർ യേശുക്രിസ്തുവെന്ന് വിളിക്കുന്ന ഈസാ പ്രവാചകനെയും ജൂതർ മോസസ് എന്ന് വിളിക്കുന്ന മൂസാ പ്രവാചകനെയും അവർ കൊണ്ടുവന്ന വേദഗ്രന്ഥങ്ങളെയും അംഗീകരിക്കുന്നു. ഇന്ത്യയിൽ കോടിക്കണക്കിന് ജനങ്ങളുടെ ഭക്ത്യാദരവുകൾക്ക് പാത്രമായ ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ തുടങ്ങിയ മഹാത്മാക്കൾ ദൈവനിയോഗിതരായ പ്രവാചകന്മാരായിരിക്കാൻ സാധ്യതയുണ്ടെന്നും മുസ്ലിംകൾ കരുതുന്നു.

തങ്ങൾക്ക് ശരിയെന്ന് ബോധ്യപ്പെട്ട മതത്തിൽ വിശ്വസിക്കുന്നതോടൊപ്പം സഹോദര മതവിശ്വാസികൾ ആരാധ്യരായി കരുതുന്ന മഹാപുരുഷന്മാരെ അനാദരിക്കരുതെന്നും വിശുദ്ധ ഖുർആൻ ശക്തിയായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഭിന്ന മതവിശ്വാസികളും മതനിഷേധികളുമടക്കം ഭൂമിയിലുള്ള സകല ജീവജാലങ്ങളോടും കരുണ കാണിക്കുന്നവർക്ക് മാത്രമേ ദൈവത്തിന്റെ കാരുണ്യം ലഭിക്കൂ എന്നാണ് പ്രവാചകന്റെ അധ്യാപനം. ഇതാണ് യാഥാർഥ്യമെങ്കിൽ, പ്രവാചകനെ അന്ത്യപ്രവാചകനായും വിശുദ്ധഖുർആനിനെ അന്ത്യവേദഗ്രന്ഥമായും വിശ്വസിക്കുന്നത് തീവ്രവാദമാണെന്ന് ജൽപിക്കുന്നത് അസംബന്ധമല്ലേ? ജീവിക്കുക; ജീവിക്കാൻ അനുവദിക്കുക, വിശ്വസിക്കുക; വിശ്വസിക്കാൻ അനുവദിക്കുക എന്ന സഹിഷ്ണുതാപരമായ സമീപനം സ്വീകരിച്ചുകൊണ്ട് സ്വന്തം വിശ്വാസ പ്രമാണങ്ങളുമായി മുന്നോട്ടു പോവുന്നതല്ല, പ്രത്യുത അന്യമത വിശ്വാസങ്ങൾക്ക് നേരെ വിദ്വേഷത്തിന്റെ ത്രിശൂലമേന്തുന്നതാണ് തീവ്രവാദവും വർഗീയതയും.

‘‘സ്വന്തം വിശുദ്ധിയിലുള്ള അതിയായ വിശ്വാസം ചോരപ്പുഴകൾ സൃഷ്ടിക്കും എന്നത് ചരിത്രത്തിന്റെ നാൾ വഴി പുസ്തകങ്ങൾ മറിച്ചു നോക്കിയാൽ ബോധ്യപ്പെടും. ഇത് ഒട്ടേറെ വ്യവസ്ഥാപിത മതസംഘടനകൾക്കും, രാഷ്ട്രീയ സംഘടനകൾക്കും ബാധകമാണ്”(മംഗളം 11.12.2008). ഇടതുപക്ഷ സഹയാത്രികനും കോളമിസ്റ്റുമായ പി. സുരേന്ദ്രന്റെതാണ് മുകളിലുദ്ധരിച്ച നിരീക്ഷണം. സ്വന്തം ആദർശത്തിന്റെയും, പ്രത്യയശാസ്ത്രത്തിന്റെയും മേന്മയിലും വിശുദ്ധിയിലും അതിയായ വിശ്വാസം പുലർത്തുന്നവരായിരിക്കും, അതത് വിശ്വാസ പ്രമാണങ്ങളുടെയും പ്രത്യയശാസ്ത്രത്തിന്റെയും പ്രബോധകരും പ്രചാരകരും. സ്വന്തം പ്രത്യയശാസ്ത്രമാണ് മറ്റേതിനേക്കാളും കൊള്ളാവുന്നതെന്ന വിശ്വാസമാണല്ലോ, ആ പ്രത്യയശാസ്ത്രം കൈവിട്ട് മറ്റൊന്നിലേക്ക് പോവാതിരിക്കാനുള്ള കാരണം. അങ്ങനെയെങ്കിൽ സുരേന്ദ്രൻ നിരീക്ഷിക്കുന്നതുപോലെ താൻ ഏറ്റവും ശരിയെന്ന് വിശ്വസിക്കുന്നതിനോട് ഒരാൾ അല്ലെങ്കിൽ ഒരുകൂട്ടം ആളുകൾ പ്രതിബദ്ധത പുലർത്തുന്നതും അതിന്റെ പ്രചാരണത്തിനായി പ്രവർത്തിക്കുന്നതും ഒരിക്കലും തെറ്റോ കുറ്റമോ ആവുന്നില്ല. സ്വന്തം വിശുദ്ധിയിലുള്ള വിശ്വാസമല്ല ചരിത്രത്തിൽ ചോരപ്പുഴകൾ സൃഷ്ടിച്ചത്. തങ്ങൾ വിശുദ്ധമെന്ന് വിശ്വസിക്കുന്നത് മറ്റുള്ളവരിൽ അടിച്ചേൽപിക്കുന്നതിന് വേണ്ടി ആയുധം കൈയിലെടുക്കുന്ന ഫാഷിസത്തിന്റെ അധിനിവേശാസക്തികളാണ് സംഘർഷവും രക്തച്ചൊരിച്ചിലും സൃഷ്ടിക്കുന്നത്. സാമ്രാജ്യത്വത്തിന്റെ ഗതകാല ചെയ്തികളും വർത്തമാന കാല ചെയ്തികളും ഈ യാഥാർഥ്യമാണ് നമ്മോട് വിളിച്ചോതുന്നത്. ലോകയുദ്ധങ്ങൾ സൃഷ്ടിച്ച ചോരപ്പുഴയുടെ ചരിത്രവും മറ്റൊന്നല്ല. ഗുജറാത്തിലെയും ഒറീസ്സയിലെയും വംശഹത്യകൾ ജീവിക്കുന്ന ഉദാഹരണങ്ങളും.

**മധുരക്കുഴി**

# കെ. ടിയുടെ ഓർമ്മപുസ്തകം

**ഇ**സ്ലാമിക പ്രസ്ഥാനത്തിന്റെ ചരിത്ര പുസ്തകത്തിലേക്ക് വലിയൊരധ്യായമാണ് കെ.ടിയുടെ പ്രസ്ഥാന യാത്രകൾ. കെ.ടി എന്ന പണ്ഡിതനെ മാത്രമേ പുതിയ തലമുറക്കറിയൂ. വളരെ അടിത്തട്ടിൽ മണ്ണൊരുക്കിയ പ്രസ്ഥാന പ്രവർത്തകനായിരുന്നു കെ.ടിയെന്ന് ഈ ഓർമപുസ്തകത്തിലൂടെ അനാവൃതമാവുന്നു. കർമോത്സുകമായ ജ്ഞാനത്തിന്റെയും ചിന്തയുടെയും ആൾരൂപമാണ് അദ്ദേഹം.

പ്രസ്ഥാന പ്രവർത്തകർക്ക് പ്രാസ്ഥാനികാവേശവും ചരിത്രബോധവും ആത്മവിശ്വാസവും നൽകുന്നതാണ് ഈ പരമ്പര. കെ.ടിയുടെ പ്രഭാഷണങ്ങളും പകർത്തി ഗ്രന്ഥരൂപത്തിലാക്കുന്നത് നന്നായിരിക്കും. അബ്ദുൽഅഹദ് തങ്ങൾ, ടി.കെ അബ്ദുല്ലാ സാഹിബ് തുടങ്ങിയ നമ്മോടൊപ്പമുള്ള ആദ്യകാല നേതാക്കന്മാരുടെയും പ്രാസ്ഥാനിക ജീവിതം പകർത്തേണ്ടത് വളരെ അനിവാര്യമാണ്.

സദ്റുദ്ദീൻ വാഴക്കാടിനും *പ്രബോധന*ത്തിനും അഭിനന്ദനങ്ങൾ.

**അബൂഹാദി കൊടുവള്ളി**